I/61136/2024

**കേരളസർക്കാർ**
**പ്രവേശനപരീക്ഷ കമ്മീഷണറുടെ കാര്യാലയം**
**ഏഴാം നില, കെ.എസ്.ആർ.ടി.സി. ബസ് ടെർമിനൽ കോംപ്ലക്സ്, തമ്പാനൂർ, തിരുവനന്തപുരം-695001**

**വിജ്ഞാപനം**
**ബി.ഫാം (ലാറ്ററൽ എൻട്രി) കോഴ്സിലേക്കുള്ള പ്രവേശന പരീക്ഷ 2023**
**അപേക്ഷകൾ ക്ഷണിക്കുന്നു.**

കേരളത്തിലെ വിവിധ സർക്കാർ/സ്വകാര്യ ഫാർമസി കോളേജുകളിലെ 2023-24 അദ്ധ്യയന വർഷത്തെ ബി.ഫാം (ലാറ്ററൽ എൻട്രി) കോഴ്സിലേക്കുള്ള പ്രവേശന പരീക്ഷയ്ക്ക് യോഗ്യരായ വിദ്യാർത്ഥികളിൽ നിന്നും അപേക്ഷകൾ ക്ഷണിച്ചുകൊള്ളുന്നു.

**പ്രവേശനത്തിനു വേണ്ട യോഗ്യതകൾ**

i. **നേറ്റിവിറ്റി**: അപേക്ഷകൻ കേരളീയനായ ഇന്ത്യൻ പൗരനായിരിക്കണം
ii. **വിദ്യാഭ്യാസ യോഗ്യത**:

a. 50% മാർക്കിൽ കുറയാതെയുള്ള ഡി.ഫാം ബിരുദം (ഡിപ്ലോമ ഇൻ ഫാർമസി). അപേക്ഷകർ ഫാർമസി കൗൺസിലിന്റെ അംഗീകാരമുള്ള സ്ഥാപനത്തിൽ പഠിച്ച് സ്റ്റേറ്റ് ബോർഡ് ഓഫ് ഡി.ഫാം/തത്തുല്യ പരീക്ഷ എഴുതി അകെ 50% മാർക്കിൽ കുറയാതെ നേടിയിരിക്കണം.
b. അപേക്ഷകർ ഫാർമസി കൗൺസിലിൽ രജിസ്ട്രേഷൻ നടത്തേണ്ടതും കൗൺസിലിംഗ് സമയത്ത് രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടതുമാണ്. അല്ലെങ്കിൽഅപേക്ഷകർ സംസ്ഥാന ഫാർമസി കൗൺസിലിൽ രജിസ്ട്രേഷന് വേണ്ടി അപേക്ഷിച്ചിരിക്കണം. ആയതിന്റെ തെളിവ് കൗൺസിലിംഗ് സമയത്ത് ഹാജരാക്കേണ്ടതാണ്.

iii. **വയസ്സ്:** പ്രവേശനത്തിന് ഉയർന്ന പ്രായ പരിധിയില്ല.

**പ്രവേശന പരീക്ഷ**

ലാറ്ററൽ എൻട്രി മുഖേന ബി.ഫാം കോഴ്സിനു പ്രവേശനം ആഗ്രഹിക്കുന്നവർ പ്രവേശന പരീക്ഷാ കമ്മീഷണർ കേരളത്തിലെ വിവിധ കേന്ദ്രങ്ങളിൽ വച്ച് നടത്തുന്ന കമ്പ്യൂട്ടർ അധിഷ്ഠിത പ്രവേശന പരീക്ഷ എഴുതേണ്ടതാണ്. പ്രവേശന പരീക്ഷയുടെ തീയതി പിന്നീട് വിജ്ഞാപനം ചെയ്യുന്നതാണ്. പ്രവേശന പരീക്ഷയ്ക്ക് ഒന്നര മണിക്കൂർ ദൈർഘ്യമുള്ള 120 ചോദ്യങ്ങളുള്ള ഒരു പേപ്പറാണുള്ളത്. പ്രവേശന പരീക്ഷയ്ക്കുള്ള സ്കീം, സിലബസ് തുടങ്ങി വിദ്യാർത്ഥികൾക്കുള്ള പൊതുവായ നിർദ്ദേശങ്ങൾ സർക്കാർ അംഗീകരിച്ച പ്രോസ്പെക്ടസ് ക്ലോസ് 8 ൽ ലഭ്യമാണ്.

**ഓൺലൈൻ അപേക്ഷ സമർപ്പണം**

**09.01.2024 മുതൽ 16.01.2024 വൈകുന്നേരം 5 വരെ** www.cee.kerala.gov.in എന്ന വെബ്സൈറ്റിലൂടെ വിദ്യാർത്ഥികൾക്ക് ഓൺലൈനായി ബിഫാം (ലാറ്ററൽ എൻട്രി) കോഴ്സിന് അപേക്ഷിക്കാവുന്നതാണ്. അപേക്ഷകർ

നിശ്ചിത ഫീസ് ഓൺലൈൻ പേയ്മെന്റായി അടയ്ക്കേണ്ടതാണ്. ഫീസ് ഒടുക്കിയശേഷം അപേക്ഷകന്റെ ഫോട്ടോ, ഒപ്പ്, സർട്ടിഫിക്കറ്റിന്റെ കോപ്പി (ബാധകമായത്) എന്നിവ അപ്‌ലോഡ് ചെയ്യേണ്ടതാണ്. അപേക്ഷയുടെ പ്രിന്റൗട്ട്/ സർട്ടിഫിക്കറ്റ്/മറ്റ് അനുബന്ധ രേഖകളുടെ കോപ്പി എന്നിവ പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയത്തിലേയ്ക്ക് അയയ്ക്കേണ്ടതില്ല.

**അപേക്ഷാ ഫീസ്:**

ജനറൽ വിഭാഗക്കാർ 800 രൂപയും, എസ്.സി വിഭാഗക്കാർ 400 രൂപയും ഒടുക്കേണ്ടതാണ്. എസ്.റ്റി വിഭാഗക്കാർ ഫീസ് ഒടുക്കേണ്ടതില്ല. ഒരിക്കൽ ഒടുക്കിയ അപേക്ഷാഫീസ് തിരികെ നൽകുന്നതല്ല.

**ഓൺലൈൻ അപേക്ഷ സമർപ്പിക്കേണ്ട അവസാന തീയതിയും സമയവും**

ബി.ഫാം (ലാറ്ററൽ എൻട്രി)-2023 കോഴ്സിലേക്ക് അപേക്ഷിക്കാൻ ആഗ്രഹിക്കുന്നവർ ഓൺലൈനായി സമർപ്പിച്ച അപേക്ഷയോടൊപ്പം പ്രോസ്പെക്ടസ് ക്ലോസ് 7.3.5, 7.3.6 ൽ പറഞ്ഞിട്ടുള്ള സർട്ടിഫിക്കറ്റ്/അനുബന്ധ രേഖകൾ എന്നിവ **16.01.2024 വൈകുന്നേരം 5.00** മണിയ്ക്ക് മുമ്പായി അപ്‌ലോഡ് ചെയ്യേണ്ടതാണ്. ഓൺലൈനായി സമർപ്പിച്ച അപേക്ഷയുടെ അക്നോളജ്മെന്റ് പേജിന്റെയും അപ്‌ലോഡ് ചെയ്ത രേഖകളുടേയും പ്രിന്റൗട്ടിന്റെ കോപ്പി കൈവശം സൂക്ഷിക്കേണ്ടതാണ്. പ്രസ്തുത രേഖകൾ പ്രവേശന പരീക്ഷാ കമ്മീഷണറുടെ ഓഫീസിലേക്ക് അയയ്ക്കേണ്ടതില്ല. ഓൺലൈനായി അപേക്ഷ സമർപ്പിച്ചതിനുശേഷം സർട്ടിഫിക്കറ്റ്/അനുബന്ധരേഖകൾ പിന്നീട് പുതുതായി അപേക്ഷയിൽ ഉൾപ്പെടുത്താൻ അനുവദിക്കുന്നതല്ല.

**അഡ്മിറ്റ് കാർഡ്**

പ്രവേശന പരീക്ഷയ്ക്കുള്ള അഡ്മിറ്റ് കാർഡ് പ്രവേശന പരീക്ഷാ കമ്മീഷണറുടെ www.cee.kerala.gov.in എന്ന വെബ്സൈറ്റിൽ നിന്നും പരീക്ഷയ്ക്ക് മുമ്പായി ഡൗൺലോഡ് ചെയ്യാവുന്നതാണ്. അഡ്മിറ്റ് കാർഡ് ലഭ്യമാകുന്ന തീയതി പ്രവേശന പരീക്ഷാ കമ്മീഷണറുടെ വെബ് സൈറ്റ് മുഖേന അറിയിക്കുന്നതായിരിക്കും.

**റാങ്ക് ലിസ്റ്റ്**

സർക്കാർ അംഗീകൃത പ്രോസ്പെക്ടസിന്റെ ക്ലോസ് 10 ൽ പ്രതിപാദിച്ചിട്ടുള്ള മാനദണ്ഡങ്ങൾ അനുസരിച്ച് ബി.ഫാം (ലാറ്ററൽ എൻട്രി) 2023 കോഴ്സിന്റെ റാങ്ക് ലിസ്റ്റ് പ്രവേശന പരീക്ഷാ കമ്മീഷണർ തയ്യാറാക്കുന്നതാണ്.

അപേക്ഷ സമർപ്പിക്കുന്നതിന് മുമ്പ് അപേക്ഷാർത്ഥികൾ www.cee.kerala.gov.in എന്ന വെബ്സൈറ്റിൽ ലഭ്യമായ ബി.ഫാം (ലാറ്ററൽ എൻട്രി) -2023 പ്രോസ്പെക്ടസ് വായിച്ച് മനസ്സിലാക്കേണ്ടതാണ്. പ്രവേശന പരീക്ഷ, അലോട്ട്മെന്റ് തുടങ്ങിയവയെ സംബന്ധിച്ചുള്ള തത്സ്ഥിതി വിവരങ്ങൾ അറിയുന്നതിന് അപേക്ഷകർ പ്രവേശന പരീക്ഷാ കമ്മീഷണറുടെ ഔദ്യോഗിക വെബ്സൈറ്റ് നിരന്തരം സന്ദർശിക്കേണ്ടതാണ്.

**ഹെൽപ് ലൈൻ നമ്പർ : 04712525300**

Signed by
Sudhir K Ias
Date: 09-01-2024 22:05:25

**പ്രവേശന പരീക്ഷാ കമ്മീഷണർ**

തിരുവനന്തപുരം
09-01-2024